കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹന വാടക ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം:2493/2012/തസ്വഭവ  തിരുവനന്തപുരം, തീയതി: 03/09/2012**

പരാമർശം:- 1. 8/1/2009-ലെ സ.ഉ (സാധാ) 82/07/തസ്വഭവ നമ്പർ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 8/3/2012-ലെ ജി3-3692/11 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1/8/12-ലെ 3.5 നമ്പർ തീരുമാനം.

### <u>ഉത്തരവ്</u>

സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് 50,000/- (അൻപതിനായിരം) രൂപയിൽ അധികരിക്കാത്ത തുക തനത് ഫണ്ടിൽ നിന്നും പ്രതിവർഷം ചെലവാക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നതിനുള്ള വാർഷിക ചെലവ് പരിധി 50,000/- രൂപയിൽ നിന്നും 75,000/- രൂപയായി ഉയർത്തി ഉത്തരവാകണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

2. പരാമർശം (3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം വാടകയിനത്തിൽ ചെലവഴിക്കാവുന്ന തുക 75,000/- (എഴുപത്തയ്യായിരം) രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

ഗവ.അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
6. എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
7. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

9. എല്ലാബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയം ഭരണ  വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.